**പതിനാലാം കേരള നിയമസഭ**

**പതിമൂന്നാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ : **3913**

12.12.2018 ൽ മറുപടിയ്ക്ക്

## നെയ്യാറ്റിൻകര പോലീസ് എ.ആർ.ക്യാമ്പ്

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. കെ.ആൻസലൻ | പിണറായി വിജയൻ (മുഖ്യമന്ത്രി) |
| (എ) നെയ്യാറ്റിൻകര പോലീസ് എ.ആർ.ക്യാമ്പ് മാറ്റി സ്ഥാപിക്കുന്നതിന് എടുത്ത നടപടികളുടെ നിലവിലെ സ്ഥിതി എന്തെന്ന് വ്യക്തമാക്കാമോ; നെയ്യാറ്റിൻകര എ.ആർ.ക്യാമ്പ് മാറ്റുന്നതിൽ എത്രപേർ അടങ്ങുന്ന സംഘത്തിനുള്ള അടിസ്ഥാന സൗകര്യങ്ങളാണ് ഒരുക്കുന്നത് എന്ന് വിശദമാക്കാമോ; | (എ) തിരുവനന്തപുരം റൂറൽ എ.ആർ.ക്യാമ്പിന്റെ 2 പ്ളറ്റൂണുകൾ (60 സേനാംഗങ്ങൾ) നെയ്യാറ്റിൻകരയിലേക്ക് മാറ്റി സ്ഥാപിക്കുന്നതിനായി 10.02.2016 ലെ സ.ഉ(സാധാ)നം. 464/16/ആഭ്യന്തരം തീയതി പ്രകാരം ഉത്തരവായിട്ടുള്ളതാകുന്നു. എന്നാൽ നെയ്യാറ്റിൻകര ഡിറ്റാച്ച്മെന്റ് ക്യാമ്പ് പ്രവർത്തിക്കുന്ന കെട്ടിടത്തിൽ ഒരു പ്ളറ്റൂൺ ഉദ്യോഗസ്ഥരെ ഉൾപ്പെടുത്തുന്നതിന് മാത്രമേ സ്ഥല സൗകര്യമുള്ളുവെന്നും, സേനാംഗങ്ങളെ പാർപ്പിക്കുവാൻ പര്യാപ്തമായ ബാരക്കുകൾ നിർമ്മിക്കേണ്ടതും, ആവശ്യമായ ടോയ് ലറ്റുകൾ, ബാത്ത് റൂം സൗകര്യങ്ങൾ, വാട്ടർ കണക്ഷൻ, മെസ്സ് സംവിധാനം, ബെൽ ഓഫ് ആംസ്, ക്വാർട്ടർ മാസ്റ്റർ സ്റ്റോർ, ഓഫീസ് സംവിധാനങ്ങൾ എന്നിവ ക്രമീകരിക്കേണ്ടതുണ്ടെന്നും തിരുവനന്തപുരം റൂറൽ ജില്ലാ പോലീസ് മേധാവി റിപ്പോർട്ട് ചെയ്തിട്ടുണ്ട്. |
| (ബി) നെയ്യാറ്റിൻകര, കാട്ടാക്കട താലൂക്കുകളിൽ എറെ പ്രയോജനം ചെയ്യുന്ന പോലീസ് എ.ആർ.ക്യാമ്പ് പൂർണ്ണതോതിൽ പ്രവർത്തിക്കാത്തതുമൂലം നെയ്യാറ്റിൻകര പട്ടണ പ്രദേശത്തും തീരദേശമേഖലയിലും | (ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. പുളിങ്കുടിയിൽ പ്രവർത്തിക്കുന്ന ജില്ലാ സായുധ ക്യാമ്പിൽ നിന്നും യഥാസമയം പോലീസ് ഉദ്യോഗസ്ഥരെ ലഭ്യമാക്കുന്നുണ്ട്. |
| (സി) യും | |

ഉണ്ടാകുന്ന വിവിധങ്ങളായ വിഷയങ്ങളിൽ ക്രമസമാധാന പരിപാലനത്തിന് ആവശ്യമായ പോലീസ് സേനയെ സമയത്തിന് ലഭിക്കാത്തതു കാരണം നിരവധി പ്രശ്നങ്ങൾ ഉണ്ടായിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഇത് പരിഹരിക്കുന്നതിന് എന്ത് നടപടിയാണ് സ്വീകരിക്കുന്നത് എന്ന് വ്യക്തമാക്കാമോ?

സെക്ഷൻ ഓഫീസർ